നം. എൻ.ഇ.പി(3)/53537/2011 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി : 03.03.2012

**സർക്കുലർ**

**വിഷയം:-പൊതുവിദ്യാഭ്യാസം-സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ 'സമ്പൂർണ്ണ' നടപ്പാക്കൽ - സ്കൂൾ ജീവനക്കാർക്ക് പരിശീലനം നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന: 1) 18.08.2011 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ. ഇ. പി (3)/53537/2011 നമ്പർ സർക്കുലർ.
2) 13. 12. 211 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ. ഇ. പി (3)/53537/2011 നമ്പർ സർക്കുലർ

സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങൾക്കും പ്രയോജനപ്രദമായ സമ്പൂർണ്ണ ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിന് സൂചന 1 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന 2 പ്രകാരം അടുത്ത അദ്ധ്യയന വർഷത്തേയ്ക്കുള്ള (2012-13) ക്ലാസ് പ്രമോഷൻ , ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, പ്രോഗ്രസ് റിപ്പോർട്ട് തുടങ്ങിയവ 'സമ്പൂർണ്ണ' സോഫ്ട്‌വെയറിലൂടെയാണ് നടത്തേണ്ടത്. 2012-13 അദ്ധ്യയനവർഷം സ്കൂളുകളിൽ മുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനാവശ്യമായ ഒരു ഓഫ്‌ലൈൻ സോഫ്ട്‌വെയറും ഐ .ടി @ സ്കൂൾ തയ്യാറാക്കിയിട്ടുണ്ട്. ഈ ഓഫ്‌ലൈൻ സോഫ്ട്‌വെയർ ഉപയോഗിക്കുന്നതിനും അത് സമ്പൂർണ്ണ ഓൺലൈൻ സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കുന്നതിനും എല്ലാ ഹൈസ്കൂളുകളിലേയും സീനിയർ അദ്ധ്യാപകൻ, ക്ലാർക്, എസ്. ഐ. റ്റി.സി / ജോ: എസ്. ഐ. റ്റി.സി എന്നിങ്ങനെ 3 പേർക്ക് വീതം പരിശീലനം നൽകുന്നതാണ്. പ്രസ്തുത പരിശീലനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| SRG പരിശീലനം | തിരുവനന്തപുരത്തുവച്ച് 2012 മാർച്ച് 5, 6 തീയതികളിൽ നടത്തുന്നതാണ്. |
| DRG പരിശീലനം | ജില്ലകളിൽ വച്ച് 2012 മാർച്ച് 7,8,9 തീയതികളിൽ ഏതെങ്കിലും രണ്ട് ദിവസത്തെ പരിശീലനം നടത്തുന്നതാണ്. |
| സ്കൂൾതല പരിശീലനം | വിദ്യാഭ്യാസ ജില്ലാതലത്തിൽ 2012 മാർച്ച് 16,17,18,19 തീയതികളിൽ ഏതെങ്കിലും രണ്ട് ദിവസത്തെ പരിശീലനം നടത്തുന്നതാണ്. |

- ജില്ലയിലെ എല്ലാ ഹൈസ്കൂളുകളിലേയും ജീവനക്കാർക്ക് ഈ പരിശീലനം ലഭിച്ചിട്ടുണ്ടെന്ന് വിദ്യാസഉപഡയറക്ടർമാരും ജില്ലാവിദ്യാഭ്യാസ ഓഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ്.
- പരിശീലനങ്ങളിൽ പങ്കെടുക്കുന്നവർക്ക് ₹100 ക്രമത്തിലും, പരിശീലകർക്ക് ₹150 ക്രമത്തിലും ഓണറേറിയം നൽകുന്നതാണ്.

3/3/12

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി @സ്കൂൾ പ്രോജക്ട്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ മുഖേന)